"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ നഴ്സറി ടീച്ചർ ശ്രീമതി. കെ.വി. മറിയാമ്മയെ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരിയായി സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകിയും ആയ ശ്രീമതി. പി.എം. ഏലിയാമ്മയെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1971/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/10/2020

---

പരാമർശം:- 1 സ.ഉ(എം.എസ്) നം. 88/2010/തസ്വഭവ, തീയതി 03.05.2010

2 സ.ഉ(എം.എസ്) നം. 170/2010/തസ്വഭവ, തീയതി 06.08.2010

3 സ.ഉ(പി) നം. 31/2018/ധന തീയതി 03.03.2018

4 ബഹു. കേരള ഹൈക്കോടതിയുടെ 13.3.2020 ലെ WP(C) Nos.6235 & 7861/2020 നം. വിധിന്യായം.

5 പഞ്ചായത്ത് ഡയറക്ടറുടെ 25.8.2020ലെ PAN/8312/2020-E13(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ നഴ്സറി ടീച്ചർ ശ്രീമതി. കെ.വി. മറിയാമ്മ, ആയ ശ്രീമതി. പി. എം. ഏലിയാമ്മ എന്നിവർ ടിയാൾക്കാരെ സ്ഥിരപ്പെടുത്തുന്നതിലേക്കായി ഫയൽ ചെയ്തിരുന്ന യഥാക്രമം WP(C) 6235/2020, WP(C) 7861/2020 എന്നീ ഹർജികളിൻമേൽ ബഹു. ഹൈക്കോടതി പരാമർ ശം (4) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ താഴെ പറയും പ്രകാരം ഉത്തരവായിരുന്നു.

"............ These writ petitions are disposed of directing the Vazhappally Gramapanchayat to consider the representation submitted by the petiitoners (Ext.P11 in WP(C) No. 6235/2020 and Ext.P7 in WP(C) No. 7861/2020) and to take a decision the from thereon. In the event of decision by the Panchayat for regularisation of the petitioners, the Panchayat shall forward the same to the Government for appropriate action within a period of one month from the date of receipt of a copy of the judgment and the Government shall pass orders within a further period of two months."

2. നഴ്സറി ടീച്ചർ ശ്രീമതി. കെ.വി. മറിയാമ്മ, ആയ ശ്രീമതി. പി. എം. ഏലിയാമ്മ എന്നിവരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം സർ ക്കാരിൽ ലഭ്യമാക്കി. വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 30/01/1997 ലെ 19(1) നമ്പർ തീരുമാന പ്രകാരം ശ്രീമതി. മറിയാമ്മ. കെ.വി എന്നയാളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭിച്ച ലിസ്റ്റിൽ നിന്നും ഇന്റർവ്യൂ നടത്തി ബാലവാടി ടീച്ചറായി നിയമിക്കുകയും ടിയാൾ 02/02/1997 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. പഞ്ചായത്തിന്റെ 23/04/2004 ലെ 5(8) നമ്പർ തീരുമാന പ്രകാരം ശ്രീമതി. പി.എം. ഏലിയാമ്മയെ ആയയായി താൽക്കാലികമായി നിയമിച്ചിട്ടുള്ളതും ടിയാൾ 02/06/2004 ൽ ചുമതല ഏറ്റെടുത്തിട്ടുള്ളതുമാണ്. പതിനൊന്നിന പരിപാടിയിൽ ശിശുവിഹാർ നിർമ്മിച്ചപ്പോഴാണ് ശ്രീമതി. കെ.വി. മറിയാമ്മയേയും(ബാലവാടി ടീച്ചർ) ശ്രീമതി. എസ്. ഭവാനിയേയും (ആയ) പഞ്ചായത്ത് നിയമിച്ചത്. 1981 ൽ പഞ്ചായത്ത് നിർമിച്ച ബാലവാടിയിലേക്കായിരുന്നു ശ്രീമതി. എസ്. ഭവാനിയുടെ ആദ്യ നിയമനം. ടിയാൾ 18/03/2004 ൽ മരിച്ച് പോയതിനെതുടർന്ന് തൽസ്ഥാനത്തേയ്ക്ക് ശ്രീമതി. പി.എം. ഏലിയാമ്മയെ നിയമിക്കുകയാണുണ്ടായിട്ടുള്ളത്. പരാമർ ശം (1) ഉത്തരവ് പ്രകാരം പതിനൊന്നിന പരിപാടിയിൽ നിർമ്മിച്ച സാംസ്കാരിക നിലയത്തിലേയും ശിശുമന്ദിരങ്ങളിലേയും ഓണറേറിയം ജീവനക്കാരെ സ്ഥിരപ്പെടുത്തി ഉത്തരവായിരുന്നു. 418 ലൈബ്രേറിയൻ, 160 വീതം നഴ്സറി ടീച്ചർമാരേയും ആയമാരേയുമാണ് ടി ഉത്തരവിലൂടെ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തിയത്.

പരാമർശം( 2 ) ഉത്തരവ് പ്രകാരം പരാമർശം( 1 ) ലെ ഉത്തരവ് പരിഷ്കരിച്ച് സ്ഥിരപ്പെട്ടുത്തിയ ലൈബ്രേറിയൻമാരുടെ എണ്ണം 300 ആയും ടീച്ചർമാരുടേത് 147 ആയും ആയമാരുടേത് 134 ആയും നിജപ്പെടുത്തുകയുണ്ടായി. എന്നാൽ ടി രണ്ട് ഉത്തരവിലും വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ ബാലവാടി ടീച്ചറായ ശ്രീമതി. കെ.വി. മറിയാമ്മ, ആയ ശ്രീമതി. ഏലിയാമ്മയുടേയും പേരുകൾ ഉൾപ്പെടുന്നില്ല. പതിനൊന്നിന പരിപാടിയിൽ ശിശുവിഹാർ നിർമ്മിച്ചതിന് ശേഷം നിയമിക്കപ്പെട്ട ശ്രീമതി. കെ.വി. മറിയാമ്മയുടെ പേര് റിപ്പോർട്ട് ചെയ്യപ്പെടാതെ വന്നതിനാലാണ് ടിയാൾക്ക് സ്ഥിരനിയമനം നിഷേധിക്കപ്പെട്ടത്. ഈ സാഹചര്യത്തിൽ വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27/03/2013 ലെ 7-ാം നമ്പർ തീരുമാന പ്രകാരം ബാലവാടി ടീച്ചർ ശ്രീമതി. കെ.വി. മറിയാമ്മയെയും ആയ ശ്രീമതി. പി.എം. ഏലിയാമ്മയെയും പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തണമെന്ന് പഞ്ചായത്ത് വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിരുന്നു. എന്നാൽ ടി കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ ടിയാരികൾ ടി തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന് അപേക്ഷ സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തു. ടി കേസുകളിലെ പരാമർശം ( 4 ) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. കെ.വി. മറിയാമ്മയെ ബാലവാടി ടീച്ചറായും ശ്രീമതി. പി.എം. ഏലിയാമ്മയെ ബാലവാടി ആയയായും സ്ഥിരപ്പെടുത്തണമെന്ന് ശുപാർശ ചെയ്ത് 22/03/2020 ലെ 7-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് തീരുമാനിക്കുകയും ആയത് ഉചിത മാർഗേന സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കുകയും ആയത് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു.

3. സംസ്ഥാനത്തെ പഞ്ചായത്തുകളിൽ 31/12/2000 നോ അതിന് മുമ്പോ ജോലി ചെയ്ത് വരുന്ന ഓണറേറിയം ജീവനക്കാരായ ലൈബ്രേറിയൻമാർ, നഴ്സറി ടീച്ചർമാർ ആയമാർ എന്നിവരുടെ വിവരങ്ങൾ പഞ്ചായത്തുകളിൽ നിന്നും ശേഖരിച്ചപ്പോൾ ഉണ്ടായ കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് മൂലമാണ് ശ്രീമതി. കെ.വി. മറിയാമ്മയുടെ പേര് ലിസ്റ്റിൽ നിന്നും വിട്ടുപോകുവാൻ ഇടയായതെന്നും പതിനൊന്നിന പരിപാടിയിൽ ശിശുവിഹാർ നിർമ്മിച്ചതിന് ശേഷം നിയമിക്കപ്പെട്ട ശ്രീമതി. കെ.വി. മറിയാമ്മയുടെ പേര് റിപ്പോർട്ട് ചെയ്യപ്പെടാതെ വന്നതിനാലാണ് ടിയാൾക്ക് സ്ഥിരനിയമനം നിഷേധിക്കപ്പെട്ടതെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളിലും പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിലും രേഖപ്പെടുത്തിയിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പതിനൊന്നിന പരിപാടി പ്രകാരം സാംസ്കാരികനിലയം, ശിശുമന്ദിരങ്ങൾ എന്നിവിടങ്ങളിൽ ഹോണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ലൈബ്രേറിയൻ,നഴ്സറി ടീച്ചർ, ആയമാർ എന്നിവരെ പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികയിൽ സ്ഥിരപ്പെടുത്തി പരാമർ ശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ ഹോണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ എന്നിവർ എല്ലാവരും പതിനൊന്നിന പരിപാടി പ്രകാരം നിയമിതരായവരല്ലാത്തതിനാലും ചിലർ തുടർച്ചയായ സേവനമുള്ളവരല്ലാത്തതിനാലും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 31.12.2000 തീയതിക്കോ അതിനു മുൻപോ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരും തുടർച്ചയായി ജോലി നോക്കി വരുന്നതുമായ 300 ലൈബ്രേറിയൻ, 147 നഴ്സറി ടീച്ചർ, 134 ആയ എന്നിവരെ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി 03.05.2010 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചു. വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 30/01/1997 ലെ 19(1) നമ്പർ തീരുമാന പ്രകാരം ശ്രീമതി. മറിയാമ്മ. കെ.വി എന്നയാളെ പതിനൊന്നിന പരിപാടി പ്രകാരമുള്ള ബാലവാടി ടീച്ചറായി നിയമിക്കുകയും ടിയാൾ 02/02/1997 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. എന്നാൽ ശ്രീമതി. പി.എം. ഏലിയാമ്മ 02/06/2004 ൽ മാത്രം ആയയായി സേവനത്തിൽ പ്രവേശിച്ചയാളാണ്. 31.12.2000 ന് ശേഷം സേവനത്തിൽ പ്രവേശിച്ച പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ എന്നിവരെ സ്ഥിരപ്പെടുത്തിയിട്ടില്ല. ആയതിനാൽ 31.12.2000 ന് ശേഷം സേവനത്തിൽ പ്രവേശിച്ച പതിനൊന്നിന പരിപാടിയിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ വന്നാൽ മാത്രമെ ശ്രീമതി. പി.എം. ഏലിയാമ്മയേയും ആയതിലേക്ക് പരിഗണിക്കാൻ സാധിക്കുകയുള്ളൂ. അല്ലാത്തപക്ഷം പഞ്ചായത്തുകളിൽ ജോലി ചെയ്ത് വരുന്ന നിരവധി പേർ സമാന ആവശ്യവുമായി സർക്കാരിനെ സമീപിക്കുവാനും ആയത് സീനിയോറിറ്റിയെ ബാധിക്കുവാനും ഇടയാകുന്നതാണ്.

5. സർക്കാർ വകുപ്പുകൾ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് ജീവനക്കാർക്ക് ശമ്പളം, പെൻഷൻ എന്നിവ നൽകുന്ന സ്ഥാപനങ്ങൾ എന്നിവയിൽ, ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമപ്രകാരം താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ, ടി സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണെന്ന് പരാമർശം (3) ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്.

6. മേൽ സാഹചര്യങ്ങളിൽ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ നഴ്സറി ടീച്ചർ ശ്രീമതി. കെ.വി. മറിയാമ്മയെ ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരിയായി സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ആയ ശ്രീമതി. പി.എം. ഏലിയാമ്മയെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. പരാമർശം (4) ലെ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

ശ്രീമതി. കെ.വി. മറിയാമ്മ, നഴ്സറി ടീച്ചർ, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല (സെക്രട്ടറി, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് മുഖാന്തിരം)

ശ്രീമതി. പി.എം. ഏലിയാമ്മ, ആയ, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല

(സെക്രട്ടറി, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് മുഖാന്തിരം)

അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം ജില്ല.

സെക്രട്ടറി, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(നം. Dev-1/203/2020-Fin. തീയതി 13.10.2020 പ്രകാരം).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/43/2020 & EPA2/68/2020)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ